ചാത്തന്നൂർ-പരവൂർ റോഡ് പുറമ്പോക്ക് കൈയേറ്റം

185 (7154) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ-പരവൂർ പി.ഡബ്ല്യൂ.ഡി. റോഡ് നവീകരണം ആരംഭിച്ചപ്പോൾ റോഡ് പുറമ്പോക്ക് സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് സർവ്വേ നടത്തി അളന്ന് തിട്ടപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥനിൽനിന്നും കൊല്ലം തഹസിൽദാർക്ക് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) അപേക്ഷ എന്നാണ് ലഭിച്ചതെന്നും പൊതു താല്പര്യ അപേക്ഷയെന്ന നിലയിൽ ഇതിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പുതുതായി പണി ആരംഭിക്കുവാൻ ടെണ്ടർ നടപടി പൂർത്തീകരിച്ച റോഡ് എന്ന നിലയിൽ എന്നത്തേക്ക് പ്രസ്തുത നടപടികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) 21-5-2014-ന് ലഭിച്ച അപേക്ഷയിന്മേൽ പുറമ്പോക്ക് കൈവശപ്പെടുത്തിയത് തിട്ടപ്പെടുത്തുന്നതിനായി പ്രസ്തുത റോഡിനോട് ചേർന്നുള്ള വസ്തുക്കളുടെ റവന്യൂ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് മീനാടു വില്ലേജാഫീസർക്ക് 23-5-2014-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റവന്യൂ ലിസ്റ്റ് ലഭ്യമായാലുടൻ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

സേവനാവകാശ നിയമം നിലവിൽ വന്നതിനുശേഷം ഫയലുകൾ തീർപ്പാക്കുന്നതിൽ വേഗത

186 (7155) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട്ടുള്ള കാസർഗോഡ് സബ്കളക്ടറാഫീസിൽ ഒരു വർഷത്തിലേറെ പഴക്കമുള്ള എത്ര ഫയലുകൾ പെന്റിംഗിലുണ്ട് ; അവയുടെ വിഷയമുൾപ്പെടെ ലിസ്റ്റ് നൽകാമോ ;

(ബി) ഈ ഓഫീസിലെ ഇ3/2012 എന്ന ഫയൽ ഏത് വിഷയവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് ; ടി ഫയലിന്റെ പൂർണ്ണമായ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹയലിൽ എന്തു തീരുമാനമാണ് സബ്കളക്ടർ ഓഫീസിൽ സ്വീകരിക്കേണ്ടിയിരുന്നത് ; അത് സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ഡി) സേവനാവകാശ നിയമപ്രകാരം ഇതിന് എത്രസമയമാണ് നിശ്ചയിച്ചിട്ടുള്ളത് ; സമയപരിധി കഴിഞ്ഞും നടപടി താമസിപ്പിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

187 (7156) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റിനുവേണ്ടി സമീപിക്കുന്ന പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളെ, സർക്കാർ സർവ്വീസിൽ താഴ്ന്ന തസ്തികകളിൽ ജോലി ചെയ്യുന്ന രക്ഷകർത്താക്കളുടെ വരുമാന സർട്ടിഫിക്കറ്റും മറ്റും റവന്യൂ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട് ബുദ്ധിമുട്ടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 5 ഹെക്ടറിൽ താഴെമാത്രം ഭൂമിയുള്ള കൃഷിക്കാരായ രക്ഷകർത്താക്കളുടെ കൃഷിഭൂമിയിൽനിന്നുള്ള വരുമാനവും റവന്യൂ ഉദ്യോഗസ്ഥർ അന്വേഷിക്കാറുണ്ടെന്നകാര്യം സർക്കാരിന് അറിയാമോ ;

(സി) പിന്നോക്ക സമുദായക്കാരായ ഉദ്യോഗാർത്ഥികൾ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നേരിടുന്ന ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ ഹെഡ്ക്വാർട്ടേഴ്സിലോ ജില്ലാടിസ്ഥാനത്തിലോ വില്ലേജ് ആഫീസർമാരുൾപ്പെടെയുള്ള റവന്യൂ ഉദ്യോഗസ്ഥന്മാരുടെ യോഗം മന്ത്രിതലത്തിൽ വിളിച്ച് കർശന നിർദ്ദേശം നല്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരുമാന സർട്ടിഫിക്കറ്റിന്റെ ആവശ്യത്തിനുവേണ്ടിയുള്ള വിവിധ ആദായ മാർഗ്ഗങ്ങളിൽ വസ്തുവകകളിൽനിന്നുള്ള വരുമാനവും ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly